മലങ്കര ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ

# ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായിൽനിന്നു്

സർക്കുലർ നമ്പർ: 365

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

*കർത്താവിൽ പ്രിയരെ,*

നമ്മുടെ പട്ടക്കാരുടെ സ്ഥലമാറ്റ സമയത്ത് അവർക്കു നൽകുന്ന പാരിതോഷികത്തെ സംബന്ധിച്ച് [Purse] സഭ ഇതുവരെ ഒരു ഏകീകൃതമായ നടപടിക്രമം രൂപീകരിച്ചിരുന്നില്ല. ഇപ്പോൾ പല ഇടവകകളും പലവിധത്തിൽ പാരിതോഷികം നൽകുന്നുണ്ട്. ഇതിനെ സംബന്ധിച്ച് ഏകീകൃതമായ രൂപീകരണം ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ് എന്ന് ബോധ്യമായിട്ടുണ്ട്. ഇതു് ചെറിയ ഇടവകകളിലും വലിയ ഇടവകകളിലും പട്ടണങ്ങളിലും ഗ്രാമപ്രദേശത്തും വിദൂര ഇടവകകളിലും സേവനം ചെയ്യുന്ന നമ്മുടെ പട്ടക്കാരുടെ സേവനത്തെ സഭ ഒരുപോലെ കാണുന്നുവെന്നുള്ളതിന്റെ അംഗീകാരമായും കരുതുവാൻ സാധിക്കും.

ബഹുമാനപ്പെട്ട എപ്പിസ്കോപ്പൽ സിനഡ് ഇതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടു ചെയ്യുന്നതിനു് നിയമിച്ച കമ്മറ്റിയുടെ ശുപാർശ സിനഡ് പഠിച്ചതിനുശേഷം താഴെ പറയുന്ന തീരുമാനങ്ങൾ ഇതു സംബന്ധിച്ച് ചെയ്തിരിക്കുന്നു. ആയവ അടിയിൽ ചേർക്കുന്നു. 1993 ലെ ജനറൽ ട്രാൻസ്ഫർ മുതൽ ഇതു് നടപ്പിൽ വരുന്നതാണ്. ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമെങ്കിലും പാരിതോഷികം പട്ടക്കാർക്ക് നൽകേണ്ടതാണ്.

1. സ്ഥലം മാറിപോകുന്ന പട്ടക്കാരനു് സ്ഥലം മാറിപോകുമ്പോൾ ഒടുവിലത്തെ വർഷം ലഭിച്ചുകൊണ്ടിരുന്ന ഒരു മാസത്തെ അടിസ്ഥാന ശമ്പളം, സേവനം ചെയ്ത് പൂർത്തിയായ ഓരോ വർഷവും കണക്കാക്കി അത്രയും തുക നൽകേണ്ടതാണ്. (ഉദാ:— Rs 1500/— ഒടുവിലത്തെ വർഷം അടിസ്ഥാന ശമ്പളമുള്ള പട്ടക്കാരൻ 3 വർഷം സേവനം ചെയ്തെങ്കിൽ *Rs.* 4500/— പാരിതോഷികമായി നൽകേണ്ടതാണ്.) ഒന്നിലധികം ഇടവകകളിൽ സേവനം ചെയ്യുന്ന പട്ടക്കാരനു് അതാതു ഇടവകയിലെ ശമ്പള വിഹിതം അനുസരിച്ച് ഈ നിരക്കിൽ നൽകേണ്ടതാണ്.

2. യാത്രചെലവ് (Travelling and Transportation expenses) പട്ടക്കാരന്റെയും കുടുംബാംഗങ്ങളുടെയും (ഭാര്യ; മക്കൾ) യാത്രചെലവും; ഉപകരണങ്ങളും മററും പുതിയ ഇടവകയിൽ എത്തിക്കുന്നതിനുള്ള ചെലവും ഉൾപ്പെടെ 200 കിലോമീറ്റർവരെ ഇടവക വഹിക്കേണ്ടതാണ്. അതിൽ കൂടുതൽ ഉണ്ടായിരുന്നാൽ ബന്ധപ്പെട്ട ഇടവക വഹിക്കുന്നില്ലെങ്കിൽ സഭാ ആഫീസിൽനിന്നും അച്ചനു് നൽകേണ്ടതാണ്.

3. പട്ടക്കാരന്റെയും കുടുംബത്തിന്റെയും യാത്ര ബസ്സിലോ ട്രയിനിലോ ആകുന്നവെങ്കിൽ, അവർക്ക് ഓരോരുത്തർക്കും 2-ാം ക്ലാസ് ട്രയിൻ ടിക്കറ്റിന്റെയോ ബസ്സ് ചാർജിന്റെയോ തുകയുടെ $1\frac{1}{2}$ ഇരട്ടി യാത്രചെലവായി നൽകേണ്ടതാണ്. 50% കൂടുതൽ നൽകുന്നതു് യാത്രയിലെ ഭക്ഷണം മുതലായ ഇതര ചിലവുകളുടെ ആവശ്യത്തിനാണ്. ഇതു് ഇൻഡ്യയിൽ സേവനംചെയ്യുന്ന പട്ടക്കാർക്ക് മാത്രമേ ബാധകമാകുകയുള്ളു.

4. യാത്രചെലവു സംബന്ധിച്ച് സഭ നൽകേണ്ട വിഹിതം കൊടുക്കുന്നതിനു് വേണ്ടി ഒരു ഫണ്ട് സഭാ ആഫീസിൽ രൂപീകരിക്കേണ്ടിയിരിക്കുന്നു. ഈ ഫണ്ടിലേക്ക് സഭയിലെ എല്ലാ ഇടവകകളും പട്ടക്കാരന്റെ ഒരു മാസത്തെ അടിസ്ഥാന ശമ്പളത്തിന്റെ 15% സഭാ ആഫീസിൽ എല്ലാ വർഷവും അടയ്ക്കേണ്ടതാണ്.

5. ഓരോ ഇടവകയും ഈ ആവശ്യത്തിലേക്ക് ഇടവകയിൽ സേവനം ചെയ്യുന്ന പട്ടക്കാരന്റെ ഒരു മാസത്തെ ശമ്പളം ഓരോ വർഷവും കരുതൽ ധനമായി സൂക്ഷിക്കുന്നതു് സ്ഥലമാറ്റ സമയത്ത് പാരിതോഷികമായി കൊടുക്കുവാൻ സഹായകരമായിരിക്കും.

നമ്മുടെ പട്ടക്കാരുടെ സേവനം ഇടവകകൾക്ക് കൂടുതൽ അനുഗ്രഹമായി തീരുന്നതിനും അവരുടെ സേവനങ്ങളെ കൂടുതൽ അംഗീകരിക്കുന്നതിനും ഇതു് മുഖാന്തിരമാകുമെന്നു് വിശ്വസിക്കുന്നു.

നമ്മുടെ കർത്താവേശുമിശിഹായുടെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്നു് ക്രിസ്താബ്ദം 1993 ഫെബ്രുവരി
26—ാംനു- തിരുവല്ല പൂലാത്തീനിൽനിന്നും

A. Mar Thoma